പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 74 — 07.08.2017 ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവളം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (എ) യും (ബി) യും | റൺവെയുടെയും അനുബന്ധ പ്രവൃത്തികളായ ഏപ്രൺ, ഏക്സസ് റോഡ്, ഓവുചാൽ, കോമ്പൗണ്ട് വാൾ, ഓപ്പറേഷണൽ വാൾ എന്നിവ 94% പൂർത്തിയായിട്ടുണ്ട്. പാരലൽ ടാക്സിവേ ട്രാക്ക് 65% പൂർത്തിയായിട്ടുണ്ട്. പാസഞ്ചർ ടെർമിനലിന്റെയും അനുബന്ധപ്രവൃത്തികളായ എയർ ട്രാഫിക് കൺട്രോൾ ടവർ, അകത്തും പുറത്തുമുള്ള ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ സ്ഥാപിക്കൽ, എയർ കണ്ടീഷൻ പ്രവൃത്തി, പ്ലംബിംഗ്, ഫയർ അലാറം, അഗ്നിരക്ഷാ ഉപകരണങ്ങൾ, സി.സി.ടി.വി സ്ഥാപിക്കൽ, പബ്ലിക് അവെയർനസ് സിസ്റ്റം മുതലായവയുടെ പ്രവൃത്തി 86% പൂർത്തിയായിട്ടുണ്ട്. കാർഗോ കോംപ്ലക്സ് നിർമ്മാണം, വാണിജ്യ സ്ഥാപനങ്ങൾ അനുവദിക്കൽ, ഹോട്ടൽ, കാറ്ററിംഗ് സർവ്വീസ്, ബസ്/കാർ/ടാക്സി പാർക്കിംഗ് സംവിധാനം, വൈഫൈ സംവിധാനം, ബാഗേജ് ട്രോളി സംവിധാനം മുതലായ പണികൾ പൂർത്തീകരിക്കാനുണ്ട്. |
| (ബി) | ഇതിനോടകം എത്ര ശതമാനം പ്രവൃത്തികൾ പൂർത്തിയായെന്നും ഇനി പൂർത്തിയാക്കാനുള്ളത് ഏതെല്ലാം പ്രവൃത്തിയാണെന്നും അറിയിക്കുമോ; | | |
| (സി) | 2016 ജൂൺ ഒന്നിനു ശേഷം പുതിയതായി ഏതെല്ലാം കാറ്റഗറിയിൽ എത്ര ജീവനക്കാരെ വീതം നിയമിച്ചുവെന്ന് | (സി) | 48 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. 47 പേരെ കരാറടിസ്ഥാനത്തിൽ ഫയർ സർവ്വീസിലും, എയർപോർട്ട് അതോറിറ്റിയിൽ നിന്നും ഒരു എഞ്ചിനീയറെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | നിയമിച്ചിട്ടുണ്ട്. |
| (ഡി) | ഇവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ നേരിട്ടാണോ നിയമിച്ചത്; | (ഡി) | കണ്ണൂർ അന്താരാഷ്ട്ര കമ്പനി നേരിട്ടാണ് കരാർ അടിസ്ഥാനത്തിൽ നിയമിച്ചത്. |
| (ഇ) | 2016 ജൂൺ ഒന്നിന് മുൻപ് നിയമിച്ച എത്ര ജീവനക്കാരെയാണ് കരാർ കാലാവധി വെട്ടിക്കുറച്ചോ അല്ലാതെയോ ജോലിയിൽ നിന്നും പിരിച്ചുവിട്ടിട്ടുള്ളത്; | (ഇ) | ആരെയും പിരിച്ചുവിട്ടിട്ടില്ല. |
| (എഫ്) | വിമാനത്താവളത്തിലേക്കു പോകുന്ന ഗ്രീൻഫീൽഡ് റോഡിന്റെ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണ്; ഇതിനാവശ്യമായ സ്ഥലം അക്വയർ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എഫ്) | കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള കണ്ണൂർ - മട്ടന്നൂർ ഗ്രീൻ ഫീൽഡ് റോഡിന്റെ പ്രവർത്തികൾക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട 20 കി.മി റോഡിൽ പ്രാദേശിക എതിർപ്പുകൾ ഉണ്ടായതിനെത്തുടർന്ന് 9 കി.മി റോഡിന്റെ സർവ്വേ നടപടികൾ മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ബാക്കി 11 കി.മി റോഡിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ ഇതു സംബന്ധിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ജി) | വിമാനത്താവളം എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ജി) | 2018 സെപ്തംബറിൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തമാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. |

അണ്ടർ സെക്രട്ടറി